(ഡി) വിദ്യാർത്ഥികൾക്ക് അർഹമായ സ്റ്റൈപന്റ് കുടിശ്ശിക സഹിതം കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലുവ ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ (പ്ലസ് ടു) പഠിക്കുന്ന 4 പട്ടികജാതി വിദ്യാർത്ഥികൾക്ക് 1998-99 വർഷത്തെ സ്റ്റൈപന്റ് നൽകിയിട്ടുണ്ട്. 1999-2000 വർഷത്തെ സ്റ്റൈപന്റ് അനുവദിച്ചുകൊണ്ട് 13-12-1999-ൽ ജില്ലാ പട്ടികജാതി വികസന ആഫീസർ ഉത്തരവ് നൽകിയിട്ടുണ്ട്. തുക ഉടനെ മാറി നൽകുന്നതാണ്.

(ബി) ഉണ്ട്. പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പ്രിൻസിപ്പാളുമായി ബന്ധപ്പെടുകയും വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷകൾ ലഭ്യമാക്കി 13-12-1999-ൽ ആനുകൂല്യത്തിന് അനുമതി ഉത്തരവ് നൽകുകയും 3-1999 വരെയുള്ള ആനുകൂല്യങ്ങൾ 18-1-2000-ൽ പാസ്സാക്കി നൽകുകയും 1999-2000-ലെ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഫീസ് ഇളവിന് അപേക്ഷിച്ചിരുന്ന 23 കുട്ടികൾക്ക് ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ഐ.ടി.സി.കളിലെ ലക്ചർമാരുടെ സേവന വ്യവസ്ഥകൾ

25 (2575) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.സി.കളിൽ ഗസ്റ്റ് ഇൻസ്ട്രക്ടർമാരായി നിയമിതരായിട്ടുള്ള പട്ടികജാതിയിൽപ്പെട്ടവർക്ക് സ്ഥിരനിയമനം നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇവരുടെ ജോലി സ്ഥിരതയുടെ കാര്യം പരിഗണിക്കുമോ ;

(സി) ഈ ഗസ്റ്റ് ലക്ചർ/ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് ഇപ്പോൾ നൽകി വരുന്ന വേതനം കാലാനുസൃതമായി പരിഷ്കരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇൻസ്ട്രക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തു കഴിഞ്ഞ സ്ഥിതിക്ക് പരിഗണിക്കാൻ നിർവ്വാഹമില്ല.

(സി) 1997 ഡിസംബറിൽ ഇവരുടെ വേതനം വർദ്ധിപ്പിച്ചിരുന്നു. ഇപ്പോൾ ഈ തസ്തികകളിലേയ്ക്ക് പി.എസ്.സി. വഴി സ്ഥിര നിയമനത്തിനുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞതിനാൽ മറ്റൊരു വേതന വർദ്ധനവ് പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly